**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## പത്താമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 230/2019) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

**സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി**
**(2021-2023)**

**പത്താമത് റിപ്പോർട്ട്**
(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങളുടെ
(എസ്.ആർ.ഒ. നമ്പർ 230/2019) സൂക്ഷ്മപരിശോധന
സംബന്ധിച്ചുള്ള റിപ്പോർട്ട്

852/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 230/2019) | .. | 5 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 338/2016) | .. | 18 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 349/2019) | .. | 22 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)
## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിൻ (2016-ലെ 3) കീഴിൽ പുറപ്പെടുവിച്ച 230/2019 (2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങൾ), 338/2016, 349/2019 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതിയുടെ 25-1-2022-ലെ യോഗത്തിൽ പരിശോധന നടത്തുകയും കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14 .

# റിപ്പോർട്ട്

സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും സ്വന്തം നിലനിൽപ് ഉറപ്പു വരുത്തുന്നതിനുമായി നിരന്തരം ചലനാത്മകമാണ് ജീവിലോകം. പരിണാമശ്രേണിയിൽ ഏറ്റവും ഉന്നതസ്ഥാനിയനായ മനുഷ്യൻ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനുമായി രാജ്യാന്തരപ്രയാണം തുടങ്ങിയിട്ട് അനേകവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ നല്ലകാലം പ്രവാസജീവിതം നയിച്ച് മടങ്ങിയെത്തുന്നവർ സ്വന്തം കുടുംബത്തിന്റെ മാത്രമല്ല നാടിന്റെ തന്നെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കടൽകടന്ന് അന്യരാജ്യത്തേക്ക് ചേക്കേറേണ്ടിവരുന്ന പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3) നിലവിൽവന്നു. പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 22-3-2019-ലെ സ.ഉ. (അച്ചടി) നമ്പർ 1/2019/ നോർക്ക പ്രകാരം പുറപ്പെടുവിച്ചതാണ് 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 230/2019 - അനുബന്ധം I).

2. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിൻ (2016-ലെ 3) കീഴിൽ പുറപ്പെടുവിച്ച 230/2019, 338/2016, 349/2019 എന്നീ നമ്പർ എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും 2022 ജനുവരി 25-ാം തീയതി സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

3. 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 4, 5, 7 എന്നിവയിലെ 'ചെയർപേഴ്സണ് ' എന്ന വാക്ക് ചട്ടം 6,8,10 എന്നിവയിലേതുപോലെ 'ചെയർപേഴ്സന് ' എന്ന് ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ചട്ടം 4-ലെ 'ശമ്പളവും ബത്തകളും' എന്ന തലക്കെട്ടിന് കീഴിൽ ചെയർപേഴ്സന്റെ ശമ്പളവും ബത്തകളെയും കുറിച്ച് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ചട്ടങ്ങളിലെ ഫാറം I, II എന്നിവയിലെ ചെലവ് ഇനത്തിൽ മൂന്നാമതായി 'അംഗങ്ങളുടെ ശമ്പളം/ അലവൻസ് ' എന്ന് ചേർത്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. കമ്മീഷനിലെ അംഗങ്ങൾക്ക് ചട്ടം 4 പ്രകാരമുള്ള ശമ്പളവും ബത്തകളും അനുവദനീയമല്ലെന്നും യാത്രാ ബത്തയും ദിന ബത്തയും സിറ്റിംഗ് ഫീസും മാത്രമാണുള്ളതെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കമ്മീഷനിലെ ചെയർപേഴ്സന് മാത്രമേ ശമ്പളവും ബത്തകളും നൽകുന്നുള്ളുവെന്ന് വിലയിരുത്തിയ സമിതി, ഫാറം I, II എന്നിവയിലെ ചെലവ് ഇനത്തിലെ മൂന്നാമതായിട്ടുള്ള 'ചെയർപേഴ്സന്റെ/അംഗങ്ങളുടെ ശമ്പളം/അലവൻസ് എന്നതിലെ '/അംഗങ്ങളുടെ' എന്ന ചിഹ്നവും വാക്കും ഒഴിവാക്കി, 'ചെയർപേഴ്സന്റെ ശമ്പളം/അലവൻസ് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

5. ചട്ടം 6-ലെ 'യാത്രാ ബത്ത' എന്ന തലക്കെട്ടിന് കീഴിൽ യാത്രാ ബത്തയേയും ദിന ബത്തയേയും കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ 'യാത്രാ ബത്ത' എന്ന തലക്കെട്ട് 'യാത്രാ ബത്തയും ദിന ബത്തയും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ആക്ടിലെ വകുപ്പ് 4 (3) പ്രകാരം, കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്ക് ബത്തകളോ സിറ്റിംഗ് ഫീസോ നൽകേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. സിറ്റിംഗ് ഫീസിനെ കുറിച്ച് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, ഏത് നിരക്കിലാണ് സിറ്റിംഗ് ഫീസ് നൽകുന്നതെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 4-ലെ മൂന്നാം വരിയിലെ 'ബത്തക്കും' എന്ന വാക്ക് 'ബത്തയ്ക്കും' എന്നും ചട്ടം 5-ലെ രണ്ടാം വരിയിലെ 'ബത്തക്ക് ' എന്ന വാക്ക് 'ബത്തയ്ക്ക് ' എന്നും ചട്ടം 11-ലെ രണ്ടാം വരിയിലെ 'തുകക്ക് ' എന്ന വാക്ക് 'തുകയ്ക്ക് ' എന്നും ചട്ടം 12(3)-ലെ ഒന്നാം വരിയിലെ 'സേവനുമനുഷ്ഠിക്കുന്നവരുടെ' എന്ന വാക്ക് 'സേവനമനുഷ്ഠിക്കുന്നവരുടെ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. കമ്മീഷന്റെ കണക്കുകളും വാർഷിക സ്റ്റേറ്റ്മെന്റും നൽകേണ്ടത് ഏത് ഫാറത്തിലാണെന്ന് വ്യക്തമാക്കുന്നതിനായി, ചട്ടം 15-ലെ മൂന്നാം വരിയിലെ 'ഫാറത്തിൽ' എന്ന വാക്കിനുപകരം 'ഫാറം I, II, III പ്രകാരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടത് ഏത് ഫാറത്തിലാണെന്ന് വ്യക്തമാക്കുന്നതിനായി, ചട്ടം 16 -ലെ രണ്ടാം വരിയിലെ 'റിപ്പോർട്ട് തയ്യാറാക്കേണ്ടതും' എന്നീ വാക്കുകൾക്കുപകരം 'റിപ്പോർട്ട് ഫാറം IV-ൽ തയ്യാറാക്കേണ്ടതും' എന്നും മൂന്നാം വരിയിലെ '6' എന്നത് 'ആറ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഫാറം I-ലെ വരവ് തുകയിലെ മൂന്നും നാലും ഇനങ്ങൾ കൂടിചേർന്നിരിക്കുന്നതായി സമിതി നിരീക്ഷിച്ചു. അതിനാൽ, മൂന്നാമത്തെ ഇനമായി 'തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ ........ പ്രകാരമുള്ള തുക' എന്നും നാലാമത്തെ ഇനമായി 'പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/പ്രവാസികാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഫാറം III-ലെ '**ആസ്തികൾ**:' എന്നത് ഒഴിവാക്കി, അതിന് താഴെയുള്ള 'ഇനം:' എന്നതിനുപകരം 'ആസ്തികൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 338/2016**

**എസ്.ആർ.ഒ. നമ്പർ 349/2019**

***

12. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിലെ (2016-ലെ 3) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് അഞ്ച് പേരെ അംഗങ്ങളാക്കി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ രൂപീകരിച്ചു കൊണ്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 338/2016 (26-4-2016-ലെ സ. ഉ. (പി.) നമ്പർ 02/2016/നോർക്ക-അനുബന്ധം II). പ്രസ്തുത കമ്മീഷൻ ആക്റ്റിലെ വകുപ്പ് 2(ഡി) പ്രകാരം, 'അംഗം' എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സനും സെക്രട്ടറിയും ഉൾപ്പെടുന്നതുമാകുന്നു എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ, കമ്മീഷൻ രൂപീകരിച്ചുകൊണ്ടുള്ള 338/2016-ാം നമ്പർ എസ്.ആർ.ഒ.-യിലും പ്രസ്തുത കമ്മീഷൻ അംഗങ്ങളുടെ കാലാവധി തീർന്നതിനെത്തുടർന്ന്, കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള 349/2019-ാം നമ്പർ എസ്.ആർ.ഒ.-യിലും (18-5-2019-ലെ സ.ഉ.(പി.) നമ്പർ 02/2019/നോർക്ക-അനുബന്ധം III) സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളുടെ പേരുവിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും കമ്മീഷനിലെ അംഗമായ സെക്രട്ടറിയുടെ പേരുവിവരം എസ്.ആർ.ഒ.-കളിൽ ഉൾപ്പെടുത്താത്തത് ക്രമപ്രകാരമല്ലെന്നും സമിതി വിലയിരുത്തി. അതിനാൽ, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഭാവിയിൽ പുറപ്പെടുവിക്കുമ്പോൾ കമ്മീഷനിലെ അംഗമായ സെക്രട്ടറിയുടെ പേരുവിവരവും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ആക്റ്റിലെ വകുപ്പ് 3 പ്രകാരം, കമ്മീഷനിൽ ചെയർപേഴ്സനും സെക്രട്ടറിയും അഞ്ച് വർഷത്തിൽ കുറയാതെ വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയരും അഞ്ചോ അതിലധികമോ വർഷങ്ങൾ വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവന്ന രണ്ട് പ്രവാസി ഭാരതീയരായ കേരളീയരും ഉൾപ്പെടുന്നു എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ, എസ്.ആർ.ഒ. നമ്പർ 349/2019-ലെ നാല് പ്രവാസി അംഗങ്ങളിൽ, മൂന്ന് പേരുടെ വിലാസവും കേരളത്തിലേതാണെന്നും വിദേശത്തുള്ള പ്രവാസി അംഗങ്ങളുടെ എണ്ണത്തിൽ ഒരംഗത്തിന്റെ കുറവും മടങ്ങിവന്ന പ്രവാസി അംഗങ്ങളുടെ എണ്ണത്തിൽ ഒരംഗം കൂടുതലും ഉള്ളതായി കാണുന്നുണ്ടെങ്കിലും വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയരെയും വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവന്ന രണ്ട് പ്രവാസി ഭാരതീയരായ കേരളീയരെയും തന്നെയാണ് കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. കമ്മീഷനിൽ വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയർ

ഉൾപ്പെടുന്നുവെന്ന് നിസംശയം വ്യക്തമാക്കുന്നതിനായി, ഭാവിയിൽ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, വിദേശത്തുള്ള പ്രവാസി ഭാരതീയരായ കേരളീയരെ, 'അംഗം' എന്നതിനുപകരം 'അംഗം (വിദേശം)' എന്ന് രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. 2021 വരെ 1137 പരാതികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ടെന്നും അതിൽ 896 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 298 എണ്ണത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും 598 പരാതികളിന്മേൽ തീർപ്പുകൽപിക്കാനുണ്ടെന്നും സമിതി മനസ്സിലാക്കി. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ തീർപ്പുകൽപിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ താമസംവിനാ പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ കുറിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ-അച്ചടി-സമൂഹ മാധ്യമങ്ങൾ വഴി പ്രചാരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ മികവാർന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിനുള്ളിലെ പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ ക്ഷേമപരിപാടികൾ പരിപോഷിപ്പിക്കുന്നതിനും സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും സ്വന്തം നിലനിൽപ് ഉറപ്പു വരുത്തുന്നതിനുമായി നിരന്തരം ചലനാത്മകമാണ് ജീവിലോകം. പരിണാമശ്രേണിയിൽ ഏറ്റവും ഉന്നതസ്ഥാനീയനായ മനുഷ്യൻ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനുമായി രാജ്യാന്തരപ്രയാണം തുടങ്ങിയിട്ട് അനേകവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ നല്ലകാലം പ്രവാസജീവിതം നയിച്ച് മടങ്ങിയെത്തുന്നവർ സ്വന്തം കുടുംബത്തിന്റെ മാത്രമല്ല നാടിന്റെ തന്നെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കടൽകടന്ന് അന്യരാജ്യത്തേക്ക് ചേക്കേറേണ്ടിവരുന്ന പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3) നിലവിൽവന്നു. പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 22-3-2019-ലെ സ.ഉ. (അച്ചടി) നമ്പർ 1/2019/ നോർക്ക പ്രകാരം പുറപ്പെടുവിച്ചതാണ് 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 230/2019 - അനുബന്ധം I).

2. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിൻ (2016-ലെ 3) കീഴിൽ പുറപ്പെടുവിച്ച 230/2019, 338/2016, 349/2019 എന്നീ നമ്പർ എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും 2022 ജനുവരി 25-ാം തീയതി സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

3. 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 4, 5, 7 എന്നിവയിലെ 'ചെയർപേഴ്സണ് ' എന്ന വാക്ക് ചട്ടം 6,8,10 എന്നിവയിലേതുപോലെ 'ചെയർപേഴ്സന് ' എന്ന് ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ചട്ടം 4-ലെ 'ശമ്പളവും ബത്തകളും' എന്ന തലക്കെട്ടിന് കീഴിൽ ചെയർപേഴ്സന്റെ ശമ്പളവും ബത്തകളെയും കുറിച്ച് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ചട്ടങ്ങളിലെ ഫാറം I, II എന്നിവയിലെ ചെലവ് ഇനത്തിൽ മൂന്നാമതായി 'അംഗങ്ങളുടെ ശമ്പളം/ അലവൻസ് ' എന്ന് ചേർത്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. കമ്മീഷനിലെ അംഗങ്ങൾക്ക് ചട്ടം 4 പ്രകാരമുള്ള ശമ്പളവും ബത്തകളും അനുവദനീയമല്ലെന്നും യാത്രാ ബത്തയും ദിന ബത്തയും സിറ്റിംഗ് ഫീസും മാത്രമാണുള്ളതെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കമ്മീഷനിലെ ചെയർപേഴ്സന് മാത്രമേ ശമ്പളവും ബത്തകളും നൽകുന്നുള്ളൂവെന്ന് വിലയിരുത്തിയ സമിതി, ഫാറം I, II എന്നിവയിലെ ചെലവ് ഇനത്തിലെ മൂന്നാമതായിട്ടുള്ള 'ചെയർപേഴ്സന്റെ/അംഗങ്ങളുടെ ശമ്പളം/അലവൻസ്' എന്നതിലെ '/അംഗങ്ങളുടെ' എന്ന ചിഹ്നവും വാക്കും ഒഴിവാക്കി, 'ചെയർപേഴ്സന്റെ ശമ്പളം/അലവൻസ് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

5. ചട്ടം 6-ലെ 'യാത്രാ ബത്ത' എന്ന തലക്കെട്ടിന് കീഴിൽ യാത്രാ ബത്തയേയും ദിന ബത്തയേയും കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ 'യാത്രാ ബത്ത' എന്ന തലക്കെട്ട് 'യാത്രാ ബത്തയും ദിന ബത്തയും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ആക്ടിലെ വകുപ്പ് 4 (3) പ്രകാരം, കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്ക് ബത്തകളോ സിറ്റിംഗ് ഫീസോ നൽകേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. സിറ്റിംഗ് ഫീസിനെ കുറിച്ച് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, ഏത് നിരക്കിലാണ് സിറ്റിംഗ് ഫീസ് നൽകുന്നതെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 4-ലെ മൂന്നാം വരിയിലെ 'ബത്തകും' എന്ന വാക്ക് 'ബത്തയ്ക്കും' എന്നും ചട്ടം 5-ലെ രണ്ടാം വരിയിലെ 'ബത്തക്ക്' ' എന്ന വാക്ക് 'ബത്തയ്ക്ക്' ' എന്നും ചട്ടം 11-ലെ രണ്ടാം വരിയിലെ 'തുകക്ക് ' എന്ന വാക്ക് 'തുകയ്ക്ക്' ' എന്നും ചട്ടം 12(3)-ലെ ഒന്നാം വരിയിലെ 'സേവനമനുഷ്ഠിക്കുന്നവരുടെ' എന്ന വാക്ക് 'സേവനമനുഷ്ഠിക്കുന്നവരുടെ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. കമ്മീഷന്റെ കണക്കുകളും വാർഷിക സ്റ്റേറ്റ്മെന്റും നൽകേണ്ടത് ഏത് ഫാറത്തിലാണെന്ന് വ്യക്തമാക്കുന്നതിനായി, ചട്ടം 15-ലെ മൂന്നാം വരിയിലെ 'ഫാറത്തിൽ' എന്ന വാക്കിനുപകരം 'ഫാറം I, II, III പ്രകാരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടത് ഏത് ഫാറത്തിലാണെന്ന് വ്യക്തമാക്കുന്നതിനായി, ചട്ടം 16 -ലെ രണ്ടാം വരിയിലെ 'റിപ്പോർട്ട് തയ്യാറാക്കേണ്ടതും' എന്നീ വാക്കുകൾക്കുപകരം 'റിപ്പോർട്ട് ഫാറം IV-ൽ തയ്യാറാക്കേണ്ടതും' എന്നും മൂന്നാം വരിയിലെ '6' എന്നത് 'ആറ്' ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഫാറം I-ലെ വരവ് തുകയിലെ മൂന്നും നാലും ഇനങ്ങൾ കൂടിചേർന്നിരിക്കുന്നതായി സമിതി നിരീക്ഷിച്ചു. അതിനാൽ, മൂന്നാമത്തെ ഇനമായി 'തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ ........ പ്രകാരമുള്ള തുക' എന്നും നാലാമത്തെ ഇനമായി 'പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/പ്രവാസികാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്' ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഫാറം III-ലെ '**ആസ്തികൾ:**' എന്നത് ഒഴിവാക്കി, അതിന് താഴെയുള്ള 'ഇനം:' എന്നതിനുപകരം 'ആസ്തികൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## എസ്.ആർ.ഒ. നമ്പർ 338/2016

## എസ്.ആർ.ഒ. നമ്പർ 349/2019

***

12. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിലെ (2016-ലെ 3) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് അഞ്ച് പേരെ അംഗങ്ങളാക്കി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ രൂപീകരിച്ചു കൊണ്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 338/2016 (26-4-2016-ലെ സ. ഉ. (പി.) നമ്പർ 02/2016/നോർക്ക-അനുബന്ധം II). പ്രസ്തുത കമ്മീഷൻ ആക്റ്റിലെ വകുപ്പ് 2(ഡി) പ്രകാരം, 'അംഗം' എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടുന്നതുമാകുന്നു എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ, കമ്മീഷൻ രൂപീകരിച്ചുകൊണ്ടുള്ള 338/2016-ാം നമ്പർ എസ്.ആർ.ഒ.-യിലും പ്രസ്തുത കമ്മീഷൻ അംഗങ്ങളുടെ കാലാവധി തീർന്നതിനെത്തുടർന്ന്, കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള 349/2019-ാം നമ്പർ എസ്.ആർ.ഒ.-യിലും (18-5-2019-ലെ സ.ഉ.(പി.) നമ്പർ 02/2019/നോർക്ക-അനുബന്ധം III) സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളുടെ പേരുവിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും കമ്മീഷനിലെ അംഗമായ സെക്രട്ടറിയുടെ പേരുവിവരം എസ്.ആർ.ഒ.-കളിൽ ഉൾപ്പെടുത്താത്തത് ക്രമപ്രകാരമല്ലെന്നും സമിതി വിലയിരുത്തി. അതിനാൽ, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഭാവിയിൽ പുറപ്പെടുവിക്കുമ്പോൾ കമ്മീഷനിലെ അംഗമായ സെക്രട്ടറിയുടെ പേരുവിവരവും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ആക്റ്റിലെ വകുപ്പ് 3 പ്രകാരം, കമ്മീഷനിൽ ചെയർപേഴ്സണും സെക്രട്ടറിയും അഞ്ച് വർഷത്തിൽ കുറയാതെ വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയരും അഞ്ചോ അതിലധികമോ വർഷങ്ങൾ വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവന്ന രണ്ട് പ്രവാസി ഭാരതീയരായ കേരളീയരും ഉൾപ്പെടുന്നു എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ, എസ്.ആർ.ഒ. നമ്പർ 349/2019-ലെ നാല് പ്രവാസി അംഗങ്ങളിൽ, മൂന്ന് പേരുടെ വിലാസവും കേരളത്തിലേതാണെന്നും വിദേശത്തുള്ള പ്രവാസി അംഗങ്ങളുടെ എണ്ണത്തിൽ ഒരംഗത്തിന്റെ കുറവും മടങ്ങിവന്ന പ്രവാസി അംഗങ്ങളുടെ എണ്ണത്തിൽ ഒരംഗം കൂടുതലും ഉള്ളതായി കാണുന്നുണ്ടെങ്കിലും വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയരെയും വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവന്ന രണ്ട് പ്രവാസി ഭാരതീയരായ കേരളീയരെയും തന്നെയാണ് കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. കമ്മീഷനിൽ വിദേശത്തുള്ള രണ്ട് പ്രവാസി ഭാരതീയരായ കേരളീയർ

ഉൾപ്പെടുന്നുവെന്ന് നിസംശയം വ്യക്തമാക്കുന്നതിനായി, ഭാവിയിൽ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, വിദേശത്തുള്ള പ്രവാസി ഭാരതീയരായ കേരളീയരെ 'അംഗം' എന്നതിനുപകരം 'അംഗം (വിദേശം)' എന്ന് രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. 2021 വരെ 1137 പരാതികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ടെന്നും അതിൽ 896 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 298 എണ്ണത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും 598 പരാതികളിന്മേൽ തീർപ്പുകൽപിക്കാനുണ്ടെന്നും സമിതി മനസ്സിലാക്കി. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ തീർപ്പുകൽപിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ താമസംവിനാ പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനെ കുറിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ-ശ്രവ്യ-അച്ചടി-സമൂഹ മാധ്യമങ്ങൾ വഴി പ്രചാരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ മികവാർന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിനുള്ളിലെ പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ ക്ഷേമപരിപാടികൾ പരിപോഷിപ്പിക്കുന്നതിനും സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി*

തിരുവനന്തപുരം,
2022 ജൂലൈ 14.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 മാർച്ച് 26<br>26th March 2019<br>1194 മീനം 12<br>12th Meenam 1194<br>1941 ചൈത്രം 5<br>5th Chaithra 1941 | നമ്പർ<br>No. 798 |

## കേരള സർക്കാർ

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 1/2019/നോർക്ക. *തിരുവനന്തപുരം, 2019 മാർച്ച് 22.*

**എസ്. ആർ. ഒ. നമ്പർ 230/2019.**—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിലെ (2016-ലെ 3) 20-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2019-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3) എന്നർത്ഥമാകുന്നു;

(ബി) "ചെയർപേഴ്സൺ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) "കമ്മീഷൻ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "സെക്രട്ടറി" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട സെക്രട്ടറി എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. <u>ആസ്ഥാനം.</u>—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. <u>ശമ്പളവും ബത്തകളും.</u>—ചെയർപേഴ്സണ് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ അതാത് കാലത്തെ പദവിക്കും, ശമ്പളത്തിനും, ബത്തക്കും തുല്യമായ പദവിയും ശമ്പളവും ബത്തയും നൽകേണ്ടതാണ്.

എന്നാൽ, ചെയർപേഴ്സണായി നാമനിർദ്ദേശം ചെയ്യപ്പെട്ട സമയത്ത് കേരള ഹൈക്കോടതിയിലെ ഒരു മുൻ ജഡ്ജിയെന്ന നിലയിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുകയോ കൈപ്പറ്റുവാൻ അർഹനായിരിക്കുകയോ ആണെങ്കിൽ ചെയർപേഴ്സൺ എന്ന നിലയിൽ അദ്ദേഹത്തിനു ലഭിക്കുന്ന ശമ്പളത്തിൽ നിന്നും അപ്രകാരമുള്ള പെൻഷൻ തുക കുറവ് വരുത്തേണ്ടതാണ്.

5. വീട്ടു വാടക ബത്ത.—ചെയർപേഴ്സണ് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് തത്സമയത്ത് അനുവദനീയമായ വീട്ടു വാടക ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

6. യാത്രാ ബത്ത.—(1) യാത്രാ വേളകളിൽ ചെയർപേഴ്സന് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് ബാധകമായ അതേ നിരക്കിൽ യാത്രാ ബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) യാത്രാ വേളകളിൽ അംഗങ്ങൾക്ക്, കേരള സർക്കാരിലെ ക്ലാസ്-1 ഉദ്യോഗസ്ഥർക്ക് ബാധകമായ അതേ നിരക്കിൽ യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കേണ്ടതാണ്.

7. അവധി.—ചെയർപേഴ്സണ് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് അതാത് കാലത്തെ അനുവദനീയമായ അവധി, ആർജ്ജിത അവധി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

8. ആർജ്ജിത അവധി പരിത്യജിക്കൽ.—ചെയർപേഴ്സന് കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് അതാത് കാലത്തെ അനുവദനീയമായ അത്രയും ആർജ്ജിത അവധി പരിത്യജിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

9. ചികിത്സാ ചെലവുകൾ.—കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് അതാത് കാലത്തെ അനുവദനീയമായ ചികിത്സാ ചെലവുകൾ അതേ നിരക്കിലും അതേ പദ്ധതികളിലും ചെയർപേഴ്സണും അനുവദനീയമായിരിക്കും.

10. അവധിക്കാല യാത്രാ ആനുകൂല്യം.—ചെയർപേഴ്സന്, കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് തത്സമയത്ത് അനുവദനീയമായ അതേ നിരക്കിലും അതേ നിബന്ധനകൾക്കനുസരിച്ചും അവധിക്കാല യാത്രാ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

11 പെൻഷൻ.—സർക്കാർ അതാത് കാലത്ത് നിശ്ചയിച്ച പെൻഷൻ തുകക്ക് ചെയർപേഴ്സൺ അർഹനായിരിക്കുന്നതാണ്.

12. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടേയും തസ്തിക, എണ്ണം, നിയമന രീതി എന്നിവ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കും.

(2) അങ്ങനെ നിയമിക്കപ്പെടുന്നവരുടെ സേവന വേതന വ്യവസ്ഥകൾ തത്തുല്യ പദവിയിലുള്ള കേരള സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ തോതിലും ക്രമത്തിലുമായിരിക്കും.

(3) കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനുമനുഷ്ഠിക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ, അവർ ഏത് വകുപ്പിൽ നിന്നാണോ വരുന്നത് ആ വകുപ്പിലെ തുല്യമായ പദവിയിലുള്ള ജീവനക്കാർക്ക് ബാധകമായിട്ടുള്ള സേവന വേതന വ്യവസ്ഥകൾക്ക് സമാനമായിരിക്കും.

13. അച്ചടക്ക നടപടികളും നിയന്ത്രണങ്ങളും.—കമ്മീഷനിലെ ജീവനക്കാരുടെ അച്ചടക്ക നടപടികളുടെയും നിയന്ത്രണങ്ങളുടെയും കാര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

14. അവശേഷിക്കുന്ന വ്യവസ്ഥകൾ.—ചെയർപേഴ്സനെ സംബന്ധിക്കുന്ന ഏതെങ്കിലും സേവന വ്യവസ്ഥകൾ ഈ ചട്ടത്തിൽ പ്രകടമായി ഇല്ലായെന്ന് കരുതുന്നപക്ഷം, കേരള ഹൈക്കോടതിയിലെ ജഡ്ജിക്ക് തത്സമയം ബാധകമാകുന്ന ചട്ടങ്ങളും ഉത്തരവുകളും പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

15. വാർഷിക കണക്കുകൾ.—ആക്റ്റിലെ 18-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം കമ്മീഷൻ, കമ്മീഷന്റെ കണക്കുകളും വാർഷിക സ്റ്റേറ്റ്മെന്റും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫാറത്തിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

16. വാർഷിക റിപ്പോർട്ട്.—ആക്റ്റിലെ 19-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതാത് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

## ഫാറം I

[18-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം**

31-3-............-ൽ അവസാനിച്ച വർഷത്തെ വരവ്-ചെലവ് കണക്കുകൾ

*(Receipts and Payments Accounts)*

വരവ് തുക (രൂപയിൽ)

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് | : |
| കൈവശമുള്ള തുക | : |
| തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.എസ്.ബി. | : |
| അക്കൗണ്ട് നമ്പർ................പ്രകാരമുള്ള തുക പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/പ്രവാസികാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ് - ഇൻ - എയ്ഡ് | : |
| പദ്ധതിയിനത്തിൽ കേരള സർക്കാർ/ പ്രവാസി വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : |
| വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് | : |
| പാഴ്‌വസ്തുക്കളുടെ ലേലത്തിൽ നിന്നുള്ള വരുമാനം/മറ്റ് സർക്കാർ/സർക്കാരിതര സംഘടനകൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന/ മറ്റിനങ്ങൾ | : |
| ആകെ | .. |

ചെലവ്

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം/അലവൻസ് | : |
| ജീവനക്കാരുടെ ടി. എ./ഡി. എ. | : |
| ചെയർപേഴ്സന്റെ/അംഗങ്ങളുടെ ശമ്പളം/അലവൻസ് | : |
| ചെയർപേഴ്സന്റെ/അംഗങ്ങളുടെ ടി. എ./ഡി. എ. | : |
| ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ചെയർപേഴ്സന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ഫർണീച്ചർ | : |
| വൈദ്യുതി | : |
| വെള്ളം | : |
| ടെലഫോൺ/ഇന്റർനെറ്റ് | : |
| ചെയർപേഴ്സന്റെ വാഹനം | : |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| ഓഫീസ് വാഹനം | : |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ | : |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | : |
| വെബ് ഡിസൈൻ, സോഫ്റ്റ്‌വെയർ മുതലായവ | : |

ടെലിവിഷൻ/കേബിൾ :

പ്രസിദ്ധീകരണം :

പോസ്റ്റേജ് സ്റ്റാമ്പ് :

പത്രം, ആനുകാലികങ്ങൾ :

സ്റ്റേഷനറി/രജിസ്റ്ററുകൾ :

നോട്ടീസ്/ഫാറം അച്ചടി :

വാടക/നികുതികൾ :

പുസ്തകങ്ങൾ :

വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം :

പരസ്യം/പ്രചാരണ ചെലവുകൾ :

സഹായം/സംഭാവന :

ആതിഥ്യം/സൽക്കാര ചെലവുകൾ :

നെയിം ബോർഡ്/നോട്ടീസ് ബോർഡ് :

ആഡിറ്റ് ഫീസ് :

മറ്റിനങ്ങൾ :

പദ്ധതി ചെലവുകൾ :

ക്ലോസിംഗ് ബാലൻസ് :

കൈവശമുള്ള തുക :

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ.......... ലുള്ള തുക :

ആകെ :

## ഫാറം II

[18-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

## പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം

## 31-3-............-ൽ അവസാനിച്ച വർഷത്തെ വരവ്-ചെലവ് കണക്കുകൾ

## *(Income and Expenditure Accounts)*

വരവ് (Income) തുക (രൂപയിൽ)

പ്രവാസികാര്യ വകുപ്പിൽനിന്നുള്ള പദ്ധതി വിഹിതം :

.............................ഉത്തരവ് പ്രകാരം :

.............................ഉത്തരവ് പ്രകാരം :

.............................ഉത്തരവ് പ്രകാരം :

ആകെ :

പ്രവാസികാര്യ വകുപ്പിൽനിന്നുള്ള പദ്ധതിയിതര വിഹിതം :

.............................ഉത്തരവ് പ്രകാരം :

.............................ഉത്തരവ് പ്രകാരം :

ആകെ :

വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് :

പാഴ്‌വസ്തുക്കളുടെ ലേലം :

മറ്റ് ഏജൻസികൾ/പൊതുജനങ്ങൾ എന്നിവരിൽനിന്നുള്ള സംഭാവന :

മറ്റിനങ്ങൾ :

ആകെ :

ചെലവ് (Expenditure)

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം/അലവൻസ് | : |
| ജീവനക്കാരുടെ ടി. എ./ഡി. എ. | : |
| ചെയർപേഴ്സന്റെ/അംഗങ്ങളുടെ ശമ്പളം/അലവൻസ് | : |
| ചെയർപേഴ്സന്റെ/അംഗങ്ങളുടെ ടി. എ./ഡി. എ. | : |
| ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ചെയർപേഴ്സന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ഫർണിച്ചർ | : |
| വൈദ്യുതി | : |
| വെള്ളം | : |
| ടെലഫോൺ/ഇന്റർനെറ്റ് | : |
| ചെയർമാന്റെ വാഹനം | : |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| ഓഫീസ് വാഹനം പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ | : |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | : |

| | |
|---|---|
| വെബ് ഡിസൈൻ, സോഫ്റ്റ്വെയർ മുതലായവ | |
| ടെലിവിഷൻ/കേബിൾ | |
| പ്രസിദ്ധീകരണം | : |
| പോസ്റ്റേജ് സ്റ്റാമ്പ് | : |
| പത്രം, ആനുകാലികങ്ങൾ | : |
| സ്റ്റേഷനറി/രജിസ്റ്ററുകൾ | : |
| നോട്ടീസ്/ഫാറം അച്ചടി | : |
| വാടക/നികുതികൾ | : |
| പുസ്തകങ്ങൾ | : |
| വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം | : |
| പരസ്യം/പ്രചാരണ ചെലവുകൾ | : |
| സഹായം/സംഭാവന | : |
| ആതിഥ്യം/സൽക്കാര ചെലവുകൾ | : |
| നെയിം ബോർഡ്/നോട്ടീസ് ബോർഡ് | : |
| ആഡിറ്റ് ഫീസ് | : |
| മറ്റിനങ്ങൾ | : |
| ആകെ | : |

ഫാറം III

[18-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം**

**31-3-............-ൽ അവസാനിച്ച വർഷത്തിലെ ബാലൻസ് ഷീറ്റ്** (Balance Sheet as on 31st March............)

**ബാദ്ധ്യതകൾ തുക (രൂപയിൽ)**

| | |
|---|---|
| ബാക്കി നിൽക്കുന്ന ചെലവുകൾ | : |
| ദീർഘകാല ബാധ്യതകൾ | : |
| സർക്കാരിൽ നിന്നും ലഭ്യമായ വായ്പയും ധനസഹായവും | : |
| മറ്റിനങ്ങൾ | : |
| **ആകെ** | : |
| **ആസ്തികൾ** | : |
| <u>ഇനം</u> | : |
| വാഹനങ്ങൾ | : |
| കമ്പ്യൂട്ടർ | : |
| ഫർണിച്ചർ | : |
| ഫോട്ടോകോപ്പിയർ | : |
| പുസ്തകങ്ങൾ | : |
| എയർകണ്ടീഷണർ | : |
| പ്രൊജക്ടർ | : |

| | |
|---|---|
| വൈദ്യുത ഉപകരണങ്ങൾ | : |
| വെബ്സൈറ്റ് | : |
| മറ്റ് ആസ്തികൾ | : |
| മുൻകൂറും നിക്ഷേപവും | : |
| കൈവശമുള്ള തുക | : |
| റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ............-ൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള തുക | : |
| എസ്.ബി.റ്റി. അക്കൗണ്ടിലുള്ള തുക | : |
| ആകെ | : |

ഫാറം IV

[19-ാം വകുപ്പ് (1)-ാം ഉപവകുപ്പും 16-ാം ചട്ടവും കാണുക]

**പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം**

**വാർഷിക റിപ്പോർട്ടിന്റെ മാതൃക**

31-3-............-ൽ അവസാനിച്ച വർഷത്തെ വാർഷിക റിപ്പോർട്ട്

വാർഷിക റിപ്പോർട്ടിൽ ചുവടെ പറയുന്നവ ഉണ്ടായിരിക്കേണ്ടതാണ്

(എ) കമ്മീഷന്റെ ഘടന

(ബി) കമ്മീഷന്റെ രൂപീകരണം

(സി) കമ്മീഷന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ

(ഡി) കിട്ടിയ ഫണ്ടിന്റെ തുക

(ഇ) കമ്മീഷന്റെ ആഡിറ്റ് ചെയ്ത കണക്കുകൾ

(എഫ്) കമ്മീഷൻ സ്ഥിതിചെയ്യുന്ന കെട്ടിടം, മറ്റ് സ്ഥാവരജംഗമ വസ്തുക്കൾ

(ജി) കമ്മീഷന്റെ പ്രവർത്തനങ്ങൾ, അധികാരങ്ങൾ, നടപടികൾ

(എച്ച്) കമ്മീഷൻ നടപടിയെടുത്ത കാര്യങ്ങളുടെ വിശദ വിവരങ്ങൾ

(ഐ) പൊതുവായുള്ള അഭിപ്രായങ്ങൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. ഇളങ്കോവൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിലെ (2016-ലെ 3-ാം ആക്റ്റ്) 20-ാം വകുപ്പ് പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2016 ഏപ്രിൽ 26<br>26th April 2016<br>1191 മേടം 13<br>13th Medam 1191<br>1938 വൈശാഖം 6<br>6th Vaisakha 1938 | നമ്പർ<br>No. | 860 |



## കേരള സർക്കാർ

പ്രവാസി കേരളീയ കാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 02/2016/നോർക്ക. *തിരുവനന്തപുരം, 2016 ഏപ്രിൽ 26 / 1191 മേടം 13.*

**എസ്. ആർ. ഒ. നമ്പർ 338/2016.**—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3-ാം നമ്പർ ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി 2016 ഏപ്രിൽ 4-ാം തീയതി മുതൽ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. റിട്ട. ജസ്റ്റിസ് ശ്രീ. പി. ഭവദാസൻ, : ചെയർപേഴ്സൺ
ശ്രീനിലയം,
മണക്കാപറമ്പ് ലെയ്ൻ,
ആസാദ് റോഡ്, കലൂർ,
എറണാകുളം-682 017.

2. ഡോ. ഷംഷീർ വയലിൽ, : അംഗം
മാനേജിംഗ് ഡയറക്ടർ,
വി. പി. എസ്. ഹെൽത്ത് കെയർ,
എൽ. എൽ. സി.,
പി. ഒ. ബോക്സ് നമ്പർ-33566,
അബുദാബി, യു. എ. ഇ.

3. ശ്രീ. സോമൻ ബേബി, : അംഗം
ചീഫ് എഡിറ്റർ,
ഡെയിലി ട്രിബ്യൂൺ,
ബഹറിൻ.

4. ശ്രീ. പി. എം. എ. സലാം, : അംഗം
പാറമണ്ണിൽ ഹൗസ്,
തിരൂരങ്ങാടി, മലപ്പുറം.

5. ശ്രീ. കെ. ഭഗവത് സിംഗ്, : അംഗം
പുളിയങ്ങാഴിയ്ക്കം ഹൗസ്,
തോട്ടക്കാട്, കരവാരം പി. ഒ.,
കല്ലമ്പലം, തിരുവനന്തപുരം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3-ാം നമ്പർ ആക്റ്റ്) 3-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

852/2022.

GOVERNMENT OF KERALA

**Norka (B) Department**

NOTIFICATION

G. O. (P) No. 02/2016/Norka.

*Dated, Thiruvananthapuram, 26th April, 2016 / 13th Medam, 1191.*

**S. R. O. No. 338/2016.**—In exercise of the powers conferred by section 3 of the Non-Resident Indians' (Keralites) Commission Act, 2015 (3 of 2016), Government of Kerala hereby Constitute the Non-Resident Indians' (Keralites) Commission in the State with effect from 4th April 2016 with the following members, namely:—

| | | | |
|---|---|---|---|
| 1. | Sri Justice (Rtd.) P. Bhavadasan,<br>Sreenilayam,<br>Manakkaparambu Lane,<br>Asad Road, Kaloor,<br>Ernakulam-682 017. | : | Chairperson |
| 2. | Dr. Shamsheer Vayalil,<br>Managing Director,<br>V. P. S. Health Care, L.L.C.<br>P. O. Box No. 33566,<br>Abu Dhabi, U.A.E. | : | Member |
| 3. | Sri Soman Baby,<br>Chief Editor, Daily Tribune,<br>Bahrain. | : | Member |

4. Sri P. M. A. Salam, : Member
Paramannil House, Thiroorangadi,
Malappuram.

5. Sri. K. Bhagavat Singh, : Member
Puliyangazhikkom House,
Thottakkad, Karavaram P. O.,
Kallambalam, Thiruvananthapuram.

By order of the Governor,

RANI GEORGE,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In Exercise of the powers conferred by section 3 of the Non-Resident Indians' (Keralites) Commission Act, 2015 (3 of 2016), the Government of Kerala have decided to constitute the Non-Resident Indians' (Keralites) Commission in the State.

The notification is intended to achieve the above object.

അനുബന്ധം III

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 മെയ് 21<br>21st May 2019<br>1194 ഇടവം 7<br>7th Idavam 1194<br>1941 വൈശാഖം 31<br>31st Vaisakha 1941 | നമ്പർ<br>No. 1211 |

## കേരള സർക്കാർ

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 2/2019/നോർക്ക. *തിരുവനന്തപുരം, 2019 മെയ് 18.*

എസ്. ആർ. ഒ. നമ്പർ 349/2019.—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റ് ആക്റ്റ് (2016-ലെ 3-ാം നമ്പർ ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു, അതായത്:—

1. റിട്ട. ജസ്റ്റിസ് ശ്രീ. പി. ഡി. രാജൻ, .. ചെയർപേഴ്സൺ
   പണിക്കരുഴയിൽ ഹൗസ്,
   ഇടയാറന്മുള വെസ്റ്റ് (പി. ഒ.),
   പത്തനംതിട്ട-689 532

2. ഡോ. ഷംഷീർ വയലിൽ, .. അംഗം
മാനേജിംഗ് ഡയറക്ടർ,
വി. പി. എസ്. ഹെൽത്ത് കെയർ
എൽ. എൽ. സി.
പി. ഒ. ബോക്സ് നമ്പർ 33566,
അബുദാബി, യു. എ. ഇ.

3. ശ്രീ. സുബീർ പുഴയരുവത്ത്, .. അംഗം
"റുഖിയാസ്",
പള്ളിക്കുന്നുംപുറം,
അഴീക്കോട് പി. ഒ.,
കണ്ണൂർ-670 009

4. ശ്രീ. ആസാദ് മാണ്ടയപുറത്ത് .. അംഗം
(ആസാദ് തിരൂർ)
എൻ. കെ. നിവാസ്,
തിരൂർ, ചേമ്പ്ര,
മീനടത്തൂർ പി. ഒ.,
താനാളൂർ വഴി,
മലപ്പുറം-676 307

5. ശ്രീ. ബെന്യാമിൻ, .. അംഗം
മണ്ണിൽ പുത്തൻവീട്,
ഞെട്ടൂർ, കുളനട പി. ഒ.,
പത്തനംതിട്ട

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. ഇളങ്കോവൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 ഏപ്രിൽ മാസം 23-ാം തീയതി സ. ഉ. (അച്ചടി) 02/2016/നോർക്ക നമ്പർ ആയി പുറപ്പെടുവിച്ചതും 2016 ഏപ്രിൽ 26-ാം തീയതിയിലെ 860-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 338/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിലെ അംഗങ്ങളുടെ കാലാവധി അവസാനിച്ചു. ആയതിനാൽ പ്രസ്തുത കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

### Non-Resident Keralites' Affairs (B) Department

### NOTIFICATION

G. O. (P) No. 2/2019/NORKA. *Dated, Thiruvananthapuram, 18th May, 2019.*

**S. R. O. No. 349/2019.**—In exercise of the powers conferred by section 3 of the Non Resident Indians' (Keralites) Commission Act, 2015 (3 of 2016), the Government of Kerala hereby reconstitute the Non Resident Indians' (Keralites) Commission by nominating the following members, namely:—

| | | |
|---|---|---|
| 1. | Shri Justice (Rtd.) P. D. Rajan,<br>Pannippuzhayil House,<br>Idayaranmula West (P. O.),<br>Pathanamthitta-689 532 | .. Chairperson |
| 2. | Dr. Shamsheer Vayalil,<br>Managing Director,<br>V. P. S. Health Care LLC,<br>P. O. Box No. 33566,<br>Abu Dhabi, U. A. E. | .. Member |

| | | |
|---|---|---|
| 3. Shri Subeer Puzhayaruvath,<br>"Rukiya's",<br>Pallikkunnumpuram,<br>Azhikode P. O.,<br>Kannur-670 009 | .. | Member |
| 4. Shri Azad Mandayapurath (Azad Tirur),<br>N. K. Nivas, Tirur, Chembra,<br>Meenadathur P. O., Thanalur (Via.),<br>Malappuram-676 307 | .. | Member |
| 5. Shri Benyamin,<br>Mannil Puthanveedu, Njettoor,<br>Kulanada P. O.,<br>Pathanamthitta | .. | Member |

By order of the Governor,

DR. K. ELLANGOVAN,
*Principal Secretary.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The term of Office of the members of the Non Resident Indians' (Keralites) Commission constituted as per notification issued under G. O. (P) No. 02/2016/NORKA, dated 20th April, 2016 and published as per S. R. O. No. 338/2016 in the Kerala Gazette Extraordinary No. 860 has already expired. Hence the Government have decided to reconstitute the said Commission.

The notification is intended to achieve the above object.